**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1345** **14-03-2022 - ൽ മറുപടിയ്ക്ക്**

**ചേളാരി വോക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചേളാരി വോക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) | ചേളാരി ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് ഹയർ സെക്കന്ററി പ്ലാൻ സ്കീം പ്രകാരവും 3 കോടി രൂപ കിഫ്ബി ധനസഹായ ത്തോടെയുമുള്ള കെട്ടിട നിർമ്മാണങ്ങ ൾക്ക് ഭരണാനുമതി നൽകിയിരുന്നു. 3 കോടി കിഫ്ബി പദ്ധതിയിൽ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതി നുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തന ങ്ങൾ കൈറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന ഘട്ടത്തിൽ നേരത്തേ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്യുന്ന വിധത്തിലല്ല പ്ലാൻ തയ്യാറാക്കിയിരിക്കുന്നതെന്നും, നിലവിലുള്ള പരിമിതമായ കളിസ്ഥലം പോലും ഇല്ലാതാക്കുന്ന വിധത്തിലാണ് പ്ലാൻ തയ്യാറാക്കിയിരിക്കുന്നതെന്നുമുള്ള പരാതികളെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാതെ വരുകയും ചെയ്തു. തുടർന്ന് പലപ്രാവശ്യം ഇതുമായി ബന്ധപ്പെട്ട് നിരവധി മീറ്റിംഗുകൾ നടത്തിയെങ്കിലും നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത തിനാലും കരാറുകാരന് നൽകിയ സമയപരിധി കഴിഞ്ഞതിനാലും നിർമ്മാണ പ്രവൃത്തി ഉപേക്ഷിക്കു ന്നതായി കൈറ്റ് സി.ഇ.ഒ സർക്കാരിനെ അറിയിച്ചു. തുടർന്ന് 9/11/2021 ന് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രസ്തുത നിയോജക മണ്ഡലത്തിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നിർമ്മാണ ഏജൻസികളും ഉൾപ്പെട്ട വിപുലമായ ഒരു യോഗം വിളിച്ചു ചേർത്ത് ഇക്കാര്യം വിശദമായി ചർച്ച ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ഹൈലെവൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം | (ബി) | ഉണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ |

| | | | |
|---|---|---|---|
| | കണ്ടെത്തുവാൻ ഒരു എക്സ്പേർട്ട് ടീമിനെ നിയോഗിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ടീം ഘടന വ്യക്തമാക്കാമോ; | | പ്രതിനിധി, ഹയർ സെക്കന്ററി അക്കാഡമിക് വിഭാഗം ജോയിന്റ് ഡയറക്ടർ, സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ടെക്നിക്കൽ കമ്മിറ്റി ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ഹൈലെവൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച 2.85 കോടി രൂപയും കിഫ്ബി വഴി ലഭിച്ച 3 കോടി രൂപയും വിനിയോഗിക്കാൻ സാധിക്കാത്ത ഗുരുതരമായ അവസ്ഥ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ഉന്നതതല ടെക്നിക്കൽ കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ